പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5244 | 23-05-2017-ലെ മറുപടിയ്ക്ക്

**സംസ്ഥാനത്തെ കർഷകരുടെ പ്രതിശീർഷ വരുമാനം**

ചോദ്യം | മറുപടി

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

**(എ)** കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**(എ)** ഉയർന്ന ഉൽപ്പാദനം, കൃഷി ചെയ്യുവാൻ മെച്ചപ്പെട്ട സാഹചര്യങ്ങൾ, മെച്ചപ്പെട്ട വിപണന സാധ്യതകൾ, ഉയർന്ന ഉൽപ്പന്ന വില, തദ്വാരാ കൃഷിയിൽ നിന്നും മികച്ച വരുമാനം എന്നിവ വിഭാവനം ചെയ്ത് കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി കേരളത്തിലെ പ്രധാന വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ നിർണ്ണയിച്ച് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഇത്തരം 6 പ്രധാന വിളകൾക്ക് പ്രത്യേക കാർഷിക മേഖല (Special Agriculture Zones) നിർണ്ണയിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.

| ക്രമ നം. | വിള | തെരഞ്ഞെടുത്ത പ്രദേശങ്ങൾ |
|---|---|---|
| 1 | നെല്ല് | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| 2 | പച്ചക്കറി | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ, കൊല്ലങ്കോട് |
| 3 | വാഴ | തൃശ്ശൂർ |
| 4 | പുഷ്പ കൃഷി | വയനാട് |
| 5 | തെങ്ങ് കൃഷി | കോഴിക്കോട് |
| 6 | ആദിവാസി കൃഷി | അട്ടപ്പാടി- പാലക്കാട് |

വിത്തു മുതൽ വിളവെടുപ്പും, സംസ്കരണവും, വിപണനവും വരെ ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും പ്രത്യേക കാർഷിക

മേഖലകളിൽ സജ്ജമാക്കാനും ശാസ്ത്രീയവും സുരക്ഷിതവുമായ കാർഷിക പ്രവർത്തനങ്ങളിലൂടെ പരമാവധി ഉൽപ്പാദനം കൈവരിക്കുവാനും അപ്രകാരം ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ സംഭരിച്ച്, സംസ്കരിച്ച്, വിപണനം ചെയ്ത് കർഷകന് പരമാവധി വരുമാനം നേടിക്കൊടുക്കുവാനും കൃഷി ആദായകരമായ ഒരു വൃത്തിയാക്കി രൂപാന്തരപ്പെടുത്തുവാനും ലക്ഷ്യമിടുന്നു.

**(ബി)** സംസ്ഥാനത്തെ കർഷകരുടെ പ്രതിശീർഷ വരുമാനം, മറ്റ് അടിസ്ഥാന ആവശ്യങ്ങൾ എന്നിവ സംബന്ധിച്ച സ്ഥിതിവിവരക്കണക്ക് ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് മേശപ്പുറത്തുവക്കാമോ ?

**(ബി)** സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള 2013-14 വർഷത്തെ കൃഷിയിൽ നിന്നുള്ള അറ്റ സംസ്ഥാന വരുമാനം (ഇന്നത്തെ വിലയിൽ) 1829736 ലക്ഷം രൂപയാണ്. 2013-ലെ കൃഷിക്കാരുടെ എണ്ണം (പ്രൊജക്റ്റ് ചെയ്തത്) 6,60,369 ആണ്. ആയതിനാൽ ലഭ്യമായ സ്ഥിതിവിവര കണക്ക് അനുസരിച്ച് കർഷകരുടെ പ്രതിശീർഷ വരുമാനം 2.77 ലക്ഷം രൂപയായി കണക്കാക്കാം. കർഷകരുടെ മറ്റ് അടിസ്ഥാന ആവശ്യങ്ങൾ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല.

**സെക്ഷൻ ഓഫീസർ**